ബ്ലഡ് ബാങ്ക്

* 212 [244] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. പി. രാമൻ:
,, പി. സീതി ഹാജി:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകൾ ഏത്ര;

(ബി) ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ലൈസൻസുകൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്നുമുതൽ അത് നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 73.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രയാസങ്ങൾ

* 213 [245] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക യന്ത്ര സജ്ജീകരണങ്ങളോടുകൂടിയ മീൻ പിടുത്തം ആഴക്കടലിൽ നടത്തുന്നതുമൂലം പരമ്പരാഗതമായി മത്സ്യ ബന്ധനം നടത്തുന്നവർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ നേരിടുന്ന പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇല്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ആധുനിക സജ്ജീകരണങ്ങളുപയോഗിച്ച് ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ട്രോളറുകളോ കോമ്പിനേഷൻ വെസലുകളോ നാമമാത്രമായേ ഉള്ളൂ, ഇവയുടെ പ്രവർത്തനമേഖല 50 മുതൽ 200 മീറ്റർവരെ ആഴമുള്ള കടൽ പ്രദേശങ്ങളിലാണ്. തൻമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രയാസങ്ങൾ നേരിടുന്നതായി ഗവൺമെന്റിന് അറിയില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly